"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട നിരണം സെന്റ് തോമസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി അന്നമ്മ ഉമ്മൻ ഫയൽ ചെയ്ത 29741/2025 നമ്പർ റിട്ട് ഹർജിയിൽ 11.08.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3269/2026/GEDN തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. റിട്ട് ഹർജി നം.29741/2025 നമ്പർ റിട്ട് ഹർജിയിൽ 11.08.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.09.2025ലെ ഇ.റ്റി3/18138/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.09.2025, 18.10.2025 എന്നീ തിയതികളിലെ DDEPTA/2095/2025-B3 നമ്പർ റിപ്പോർട്ടുകൾ.

**ഉത്തരവ്**

പത്തനംതിട്ട നിരണം സെന്റ് തോമസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി അന്നമ്മ ഉമ്മൻ ഫയൽ ചെയ്ത 29741/2025 നമ്പർ റിട്ട് ഹർജിയിൽ 11.08.2025 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായ പ്രകാരം, ഹർജിക്കാരിയുടെ എക്സിബിറ്റ് പി21 റിവ്യൂ പെറ്റീഷൻ മേൽ, വിധി പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 19.09.2025ൽ നേരിൽ കേട്ടു.

3. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി അന്നമ്മ ഉമ്മൻ എഫ്.ടി.എം ആയി 01.12.2007 മുതൽ 31.12.2007 വരെ ദിവസവേതനാടിസ്ഥാനത്തിൽ സെന്റ് തോമസ് എച്ച്.എസ് നിരണം വെസ്റ്റ് -ൽ സേവനമനുഷ്ഠിച്ചിരുന്നു. പ്രസ്തുത നിയമനം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയിരുന്നു. പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിൽ ആയതിനാൽ ടിയാൾ 51 A അവകാശിയാവുന്നില്ല. ആയതിനാൽ ഉയർന്ന പ്രായപരിധി ഇളവ് ലഭിക്കുകയില്ല. തുടർന്ന് ശ്രീമതി അന്നമ്മ ഉമ്മനെ ഫുൾടൈം മീനിയലായി മാനേജർ 06.12.2013 മുതൽ സെന്റ് തോമസ് ഹൈസ്കൂൾ നിരണം

വെസ്റ്റ് ൽ നിയമിച്ചു. ശ്രീ കെ.വി. വർഗീസിനെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി ടി സ്കൂളിൽ തന്നെ മാനേജർ നിയമിച്ച ഒഴിവിലാണ് ശ്രീമതി അന്നമ്മ ഉമ്മനെ നിയമിച്ചത്. നിയമനം നൽകിയ 06.12.2013-ൽ ശ്രീമതി അന്നമ്മ ഉമ്മൻ 39 വയസ്സ് പൂർത്തീകരിച്ചിരുന്നു. എന്നാൽ അനധ്യാപക ജീവനക്കാരുടെ ഉയർന്ന പ്രായപരിധി 36 വയസ്സാണ്. കൂടാതെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്നതിനാൽ വയസ്സ് ഇളവും അനുവദനീയമല്ല. സെന്റ് തോമസ് ഹൈസ്കൂൾ നിരണം വെസ്റ്റ് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. ഇത്തരം സ്കൂളുകളിൽ അധ്യാപക നിയമനങ്ങൾ ദിവസ വേതന വ്യവസ്ഥയിലാണ് അംഗീകരിക്കുന്നത്. ഇത്തരം സ്കൂളിലെ നിയമനങ്ങൾ സംരക്ഷിത ജീവനക്കാരെ കൊണ്ട് മാത്രമേ നികത്താനാകുകയുള്ളൂ എന്നീ കാരണങ്ങളാൽ ശ്രീമതി അന്നമ്മ ഉമ്മന്റെ എഫ്.ടി.എം നിയമന അംഗീകാരം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി ഉത്തരവുകൾക്കെതിരെ ശ്രീമതി അന്നമ്മ ഉമ്മൻ ബഹു. ഹൈക്കോടതിയിൽ WP(C) 23243/2017 ഫയൽ ചെയ്തു. വിധിന്യായത്തിൻമേൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം. 1829/2021/പൊ.വി.വ തീയതി 22/02/2021 പ്രകാരം ടിയാളുടെ ആവശ്യം നിരസിച്ചു ഉത്തരവായി. തുടർന്ന് ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കണമെന്ന ആവശ്യവുമായി റിട്ട് അപ്പീൽ 335/2024 ഫയൽ ചെയ്തുവെങ്കിലും സ.ഉ.(സാധാ) നം.4329/2024/GEDN തീയതി. 10-07-2024 പ്രകാരം നിരസിച്ചു ഉത്തരവായി. തുടർന്ന് 30.05.2024 തീയതിയിലെ സ.ഉ.(സാധാ) നം.3405/2024/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം പരിഗണിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 1726/2024 ഫയൽ ചെയ്തു. സ.ഉ.(സാധാ) നം.3405/2024/പൊ.വി.വ തീയതി 30.05.2024 ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ സ.ഉ.(സാധാ) നം.4516/2025/GEDN തീയതി 08-07-2025 പ്രകാരം ശ്രീമതി അന്നമ്മ ഉമ്മന്റെ നിയമനം നിരസിച്ച് ഉത്തരവായി. 30.05.2024 തീയതിയിലെ സ.ഉ.(സാധാ)നം.3404/2024/പൊവിവ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അനധ്യാപകരെ നിയമിക്കുമ്പോൾ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയും വിരമിക്കൽ പ്രായത്തിനകത്തുമുള്ളവരെ (56 വയസ്) പരിഗണിക്കാവുന്നതാണെന്ന് പരാമർശിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് മുൻകാലപ്രാബല്യം നൽകിയിട്ടില്ല. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ പരിഗണിക്കണമെന്നാണ് നിലവിലെ ഹർജിയിലും ആവശ്യം ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല. സെന്റ് തോമസ് ഹൈസ്കൂൾ നിരണം വെസ്റ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. നിലവിലെ മാനേജർക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ടി സ്കൂളിൽ 2023-2024 വർഷം വരെ മാത്രമേ തസ്തിക നിർണയം നടത്തിയിട്ടുള്ളൂ. ടി സ്കൂളിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും ശ്രീമതി അന്നമ്മ ഉമ്മൻ 06.12.2013 മുതൽ 31.05.2024 വരെ സേവനത്തിൽ തുടർന്നിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടേയും നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 30.05.2024 തീയതിയിലെ സ.ഉ.(സാധാ)നം.3404/2024/പൊവിവ ഉത്തരവിലെ ഒൻപതാം ഖണ്ഡിക പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുമ്പോൾ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയും വിരമിക്കൽ പ്രായത്തിനകത്തുമുള്ളവരെ (56 വയസ്) പരിഗണിക്കാവുന്നതാണെന്ന് പരാമർശിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് മുൻകാലപ്രാബല്യം നൽകിയിട്ടില്ല.

5. മേൽ സാഹചര്യത്തിൽ, 30/05/2024 ലെ GO (Rt) 3405/2024/GEDN ഉത്തരവിന് മുൻകാല പ്രാബല്യം നൽകിക്കൊണ്ട് നിയമന അംഗീകാരം നൽകാനാകില്ല. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി അന്നമ്മ ഉമ്മന് 06.12.2013 മുതൽ 31.05.2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നല്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം ടിയാൾ ഫയൽ ചെയ്ത റിട്ട് ഹർജി നം.29741/2025 ന്മേൽ 11/08/2025-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി അന്നമ്മ ഉമ്മൻ, ഫുൾ ടൈം മീനിയൽ, സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ്, കിഴക്കുംഭാഗം പി.ഒ., തിരുവല്ല-689 621
മാനേജർ, സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ്, കിഴക്കുംഭാഗം പി.ഒ., തിരുവല്ല- 689 621
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/113/2023-G.EDN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Resmi Babu
Date: 12-05-2026 16:56:03

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.